**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം** **27.06.2019-ൽ മറുപടിക്ക്**

**നമ്പർ.4999**

**കമ്പനി/കോർപ്പറേഷൻ/ബോർഡ് ജൂനിയർ അസിസ്റ്റന്റ് റാങ്ക് ലിസ്റ്റ്**

**ചോദ്യം**

**ശ്രീ.എ.പി. അനിൽ കുമാർ**

**ഉത്തരം**

**പിണറായി വിജയൻ**

**മുഖ്യമന്ത്രി**

| | | | |
|---|---|---|---|
| (എ) | കമ്പനി/കോർപ്പറേഷൻ/ബോർഡ് ജൂനിയർ അസിസ്റ്റന്റ് (കാറ്റഗറി നമ്പർ 399/17) തസ്തികയുടെ റാങ്ക് ലിസ്റ്റ് നിലവിൽ വന്നത് എന്നാണെന്ന് വ്യക്തമാക്കാമോ; പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്ന് ഇതുവരെ എത്രപേർക്ക് നിയമനം നൽകിയെന്ന് വ്യക്തമാക്കാമോ; | (എ) | കമ്പനി/കോർപ്പറേഷൻ/ബോർഡ് ജൂനിയർ അസിസ്റ്റന്റ് (കാറ്റഗറി നമ്പർ 399/17) തസ്തികയിലേയ്ക്ക് നിയമനം നടത്തുന്നതിനായി 12.05.2018 ന് പി.എസ്.സി ഒ.എം.ആർ പരീക്ഷ നടത്തിയിട്ടുണ്ട്. റാങ്ക് പട്ടിക പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ പി.എസ്.സി. സ്വീകരിച്ചു വരുന്നു. |
| (ബി) | പ്രസ്തുത തസ്തികയിലെ എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്; പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നുള്ള നിയമനം ത്വരിതപ്പെടുത്തുമോ; വ്യക്തമാക്കാമോ? | (ബി) | 549 (അഞ്ഞൂറ്റി നാൽപത്തി ഒൻപത് ) ഒഴിവുകൾ പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. റാങ്ക് പട്ടിക പ്രസിദ്ധീകരിക്കുന്ന മുറയ്ക്ക് പി.എസ്.സി. നിയമന ശിപാർശ നൽകുന്നതാണ്. പി.എസ്.സി മുഖേന നികത്തപ്പെടേണ്ട ഒഴിവുകൾ അവ ഉണ്ടാകുന്ന മുറയ്ക്ക് തന്നെ പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്യുവാൻ എല്ലാ വകുപ്പ് മേധാവികൾക്കും/ നിയമനാധികാരികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ